ശ്രീ. എം. പി. ഗോവിന്ദൻ നായർ : പെറിയ തോതിലുള്ള ലാബറട്ടറികളും എല്ലാ സ്റ്റേഷനുകളിലും സ്ഥാപിച്ചിട്ടുണ്ട്. അതുകൊണ്ട് മതിയാകുന്നില്ലെങ്കിൽ കൂടുതലായി എന്തു ചെയ്യണമെന്നുള്ളതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ. പി. ബാലചന്ദ്രമേനോൻ : പദ്ധതികളുടെ ഡവലപ്പുമെന്റ് സ്കീം അനുസരിച്ച് പ്രവർത്തിക്കുന്ന സ്റ്റേഷനുകളും പുനഃസംഘടിപ്പിക്കുന്ന കാര്യം ആലോചനയിലുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇപ്പോൾ അങ്ങനെ ആലോചനയൊന്നുമില്ല.

ശ്രീ. എം. കൃഷ്ണൻ : പാലക്കാട്ട ജില്ലയിൽ പ്രോജക്റ്റുകളിൽനിന്നും ജലസേചനം ലഭിക്കുന്ന പ്രദേശങ്ങളിൽ വിതയ്ക്കുന്നതിനുള്ള വിത്തു യഥാർത്ഥത്തിൽ ശാസ്ത്രീയമായ രീതിയിൽ റിസർച്ചുചെയ്തു കണ്ടുപിടിക്കപ്പെട്ടിട്ടുള്ളതല്ല കോയമ്പത്തൂർ വിത്താണ് നൽകി വരുന്നതു്. ആ പ്രദേശത്തിനു പറ്റിയ വിത്തു കണ്ടുപിടിക്കുവാൻ ഒരു പ്രത്യേക റിസർച്ചുസ്റ്റേഷൻ അവിടെ സ്ഥാപിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പാലക്കാട്ടജില്ലയിൽ മൂന്നു റിസർച്ചു സ്റ്റേഷൻ ഉണ്ട്. നെല്ലിയാംപതിയിലും, പട്ടാമ്പിയിലും കോയൽ മന്നത്തും റിസർച്ചുസ്റ്റേഷൻ നടത്തുന്നുണ്ട്.

ശ്രീ. ഈ. പി. ഗോപാലൻ : പുതിയതരം നല്ല വിത്തുകളും നൽകുന്ന എത്ര സ്റ്റേഷൻ ഉണ്ട്; ഓരോ സ്റ്റേഷനിലും ഏതെങ്കിലും തരത്തിലുള്ള പുതിയ ഗ്രെയിൻസ് കണ്ടുപിടിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : എത്ര റിസർച്ചു സ്റ്റേഷനുകളും ഉണ്ടെന്നു ഞാൻ പറഞ്ഞിട്ടുണ്ട് ഓരോ സ്റ്റേഷനിലും പ്രത്യേക തരത്തിലുള്ള ഏതു സീഡിനെ സംബന്ധിച്ചാണ് റിസർച്ചുചെയ്യുന്നതെന്നു ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

പാടശേഖരങ്ങളിൽനിന്നു് വെള്ളം വറ്റിക്കുന്നതിനുള്ള പദ്ധതി

* 121. [11] ശ്രീ. പി. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്കംമൂലം കൃഷി ചെയ്യാൻ സാധിക്കാതെ കിടക്കുന്ന പാടശേഖരങ്ങളിൽനിന്നു് വെള്ളം വറ്റിക്കുന്നതിനു് ഗവണ്മെന്റിനു പദ്ധതിയുണ്ടോ ;

(ബി) തൃശ്ശൂർ ജില്ലയിൽപ്പെട്ട ഇടക്കുളത്തൂർ, തോളൂർ, ആളൂർ എന്നീ വില്ലേജുകളിലായി അനേകം ഏക്കർ ഭൂമി വെള്ളംകെട്ടിക്കിടപ്പുണ്ടെന്നു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) ആയതു് കൃഷിചെയ്യുത്തക്കവിധത്തിലാക്കത്തീർക്കാൻ നടപടി എടുക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഈ സംഗതി പരിഗണനയിലിരിക്കുകയാണു്,
(ബി) ഉണ്ടു്.
(സി) ആയതിനു് എസ്റ്റിമേറ്റു് തയ്യാറാക്കിവരുന്നു.

നേഴ്സ്സ് കാളേജു്

* 122. [12] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് ഒരു പുതിയ നേഴ്സ്സു് കാളേജു് ആരംഭിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly